"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കാരവൻ ടൂറിസത്തിന് നിക്ഷേപ ധനസഹായം(Investment subsidy) അനുവദിക്കുന്ന പദ്ധതിയ്ക്ക് കാലാവധി നീട്ടി നൽകി ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(കൈ) നം.12/2025/TSM തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:- 1. 08.10.2021 തീയതിയിലെ സ.ഉ(കൈ)നം 18/2021/ടൂറിസം

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 31/07/2024 തീയതിയിലെ DOT/2714/2024-P9 നം കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് കാരവൻ ടൂറിസം നയം അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.അതുപ്രകാരം 07-10-2024 തീയതി വരെയാണ് കാരവൻ ടൂറിസത്തിന് നിക്ഷേപ ധനസഹായം(Investment subsidy) അനുവദിക്കുന്നതിനുള്ള കാലാവധി പ്രാബല്യത്തിൽ ഉണ്ടായിരുന്നത്.

2. സർക്കാരിന്റെ കാരവൻ ടൂറിസം നയത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതിനും കാരവൻ ടൂറിസം പ്രോത്സാഹിക്കുന്നതിനുമായി കാരവൻ നിക്ഷേപ ധനസഹായം 3 വർഷത്തേക്ക് കൂടി നീട്ടാവുന്നതാണെന്നും കൂടാതെ നടപ്പ് സാമ്പത്തിക വർഷം (2025-26) പ്ലാൻ സംഗ്രഹത്തിൽ (പ്ലാൻ Write - up ) 3452-80-800-90-(26)-33-Incentives for Creation of Infrastructure facilities and Tourism Products in Private Sector - Subsidies എന്ന ശീർഷകത്തിൽ കാരവൻ, കാരവൻ പാർക്ക് എന്നീ ഘടകങ്ങൾക്ക് 310 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **07.10.2024** തീയതിയിൽ കാലാവധി അവസാനിച്ചിട്ടുള്ള, കാരവൻ ടൂറിസത്തിന് നിക്ഷേപ ധനസഹായം **(investment subsidy)** അനുവദിക്കുന്നതിനായുള്ള നിലവിലെ പദ്ധതിയ്ക്ക് , ഭാവിയിൽ തുടർച്ച അനുവദിയ്ക്കുന്നതല്ല എന്ന വ്യവസ്ഥയിലും , **31.12.2025** വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ കാരവൻ സബ്സിഡിക്കായി പരിഗണിയ്ക്കൂ എന്ന വ്യവസ്ഥയിലും, **31.12.2025** തീയതി വരെ കാരവൻ ടൂറിസത്തിന് നിക്ഷേപ ധനസഹായം അനുവദിക്കുന്നതിനായുള്ള കാലാവധി നീട്ടി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 11-07-2025 16:31:56
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്